മാതൃഭാഷ മലയാളഭാഷ

**വളരെ അടിയന്തിരം സമയബന്ധിതം**

നമ്പർ എഫ്3/10769/14

വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ കാര്യാലയം
എറണാകുളം, തീയതി: 07/07/2014.

പ്രേഷിതൻ

വിദ്യാഭ്യാസ ഉപ ഡയറക്ടർ
എറണാകുളം

സ്വീകർത്താവ്

സ്ക്കൂൾ പ്രധാനാദ്ധ്യാപകൻ
(ബന്ധപ്പെട്ട ജില്ലാ/ഉപ ജില്ലാ
വിദ്യാഭ്യാസ ഓഫീസർ മുഖാന്തിരം)

സർ,

വിഷയം:- പൊതു വിദ്യാഭ്യാസം- സുനാമി ബാധിത കുട്ടികൾക്കുള്ള പ്രധാനാമന്ത്രിയുടെ സ്കോളർഷിപ്പ് (പി.എം.എസ്.ടി.എ.സി.) 2014-15 അപേക്ഷ സമർപ്പിക്കുന്നത് - സംബന്ധിച്ച്

സൂചന:- ബഹു. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 07.06.14-ലെ QIQ/69786/B നമ്പർ കത്ത്.

..........................

സൂചന പ്രകാരം 2014-15 വർഷത്തെ സുനാമി ബാധിത കുട്ടികൾക്കുള്ള സ്കോളർഷിപ്പ് (പി.എം.എസ്.ടി.എ.സി. 2014-15) ബഹു. ജില്ലാ കളക്ടർക്ക് സമയബന്ധിതമായി നൽകേണ്ടതുണ്ട്. ആയതിനാൽ 25.07.14 തീയതിക്ക് മുൻപായി അർഹമായ വിദ്യാർത്ഥികളുടെ വിവരങ്ങൾ ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്. നിബന്ധനകൾ താഴെ പറയുന്നു.

1. 2014-15 അദ്ധ്യയന വർഷം 8 മുതൽ 10 സ്റ്റാൻഡേർഡ് വരെയുള്ള വിദ്യാർത്ഥികളായിരിക്കും ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളത്.
2. സ്കോളർഷിപ്പിന് തിരഞ്ഞെടുത്തിട്ടുള്ളതും തുടർച്ചയായി സ്കോളർഷിപ്പ് ലഭിച്ചുകൊണ്ടിരിക്കുന്നതുമായ കുട്ടികളെയാണ് ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ടത്.
3. തോറ്റ കാരണം കൊണ്ട് കഴിഞ്ഞവർഷത്തെ ലിസ്റ്റിൽ നിന്നും ഒഴിവാക്കപ്പെട്ട കുട്ടികളെ ലിസ്റ്റിൽ ഉൾപ്പെടുാവുന്നതാണ്. യാതൊരു കാരണവശാലും സ്കോളർഷിപ്പ് ഇതുവരെ ലഭിച്ചിട്ടില്ലാത്ത കുട്ടികളെ ലിസ്റ്റിൽ പുതുതായി ഉൾപ്പെടുത്താൻ പാടുള്ളതല്ല.

4. സ്ഥലംമാറ്റം, മറ്റേതെങ്കിലും കാരണങ്ങൾ എന്നിവ മൂലം അർഹതയുണ്ടായിരുന്നിട്ടും ലിസ്റ്റിൽ ഉൾപ്പെടാതെ പോയ കുട്ടികളുടെ വിവരങ്ങൾ പ്രത്യേകം അരിയർ ലിസ്റ്റ് തയ്യാറാക്കി സമർപ്പിക്കാവുന്നതാണ്.

5. മറ്റ് സ്ക്കൂളുകളിൽ നിന്നും തുടർച്ചയായി സ്കോളർഷിപ്പ് ലഭിച്ചിരുന്ന കുട്ടികൾ സ്ഥലം മാറി വന്നിട്ടുണ്ട് എങ്കിൽ ടി വിവരം റിമാർക്സ് കോളത്തിൽ കാണിക്കേണ്ടതാണ്.

6. ലിസ്റ്റുകൾ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കി സമയബന്ധിതമായി (15.07.14 തീയതിക്ക് മുമ്പായി) അനുബന്ധമായി ചേർത്തിരിക്കുന്ന പ്രോഫോർമയിൽ ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്. കാലവിളംബം അതീവ ഗൗരവമായി വീക്ഷിക്കുന്നതാണ്.

വിശ്വസ്തതയോടെ,

വിദ്യാഭ്യാസ ഉപ ഡയറക്ടർക്കുവേണ്ടി
എറണാകുളം

എംപിഎ/08.07